**മീറ്റിംഗ്/അടിയന്തിരം**

പി 2/29168/2016/കോ.വി.വ (2)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 23.11.2017

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ഗവൺമെന്റ് കോളേജ്
പ്രിൻസിപ്പാൾമാർ/ഹോസ്റ്റൽ വാർഡൻമാർ

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പി.ഡബ്ല്യൂ.ഡി പെൻഡിംഗ് വർക്കുകൾ - ബഹു. പൊതുമരാമത്ത് മന്ത്രി 29.11.2017-ന് വിളിച്ചു ചേർക്കുന്ന മീറ്റിംഗ് - നിലവിലെ പുരോഗതി അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. 19.07.2017-ലെ ഇതേ നമ്പർ സർക്കുലർ
2. 21.11.2017-ലെ സി2/261/2017/ഉ.വി.വ നമ്പർ കത്ത്

---------

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിദ്യാഭ്യാസ വകുപ്പ് പൊതുമരാമത്തു വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള കെട്ടിടനിർമ്മാണ പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച് വിഷയം ചർച്ച ചെയ്യുന്നതിന് 29.11.2017-ന് രാവിലെ 10.00 മണിയ്ക്ക് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിലെ ആവശ്യത്തിലേയ്ക്കായി പി.ഡബ്ല്യൂ.ഡി പെൻഡിംഗ് വർക്കുകളുടെ വിവരങ്ങൾ നൽകണമെന്ന് അറിയിച്ചിരിക്കുന്നു. ആയതിനാൽ താങ്കളുടെ സ്ഥാപനത്തിൽ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത പി.ഡബ്ല്യൂ.ഡി പ്രവൃത്തികളുടെ നിലവിലെ ഭൗതിക പുരോഗതി ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊഫോർമയിൽ 25.11.2017-ന് മുൻപായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുന്ന മീറ്റിംഗ് ആയതിനാൽ ഈ വിഷയത്തിന് അടിയന്തിര പ്രാധാന്യം നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്/-)
ഷീല.പി
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/24.11. 2017

0546494

GOVERNMENT OF KERALA

# പ്രൊഫോർമ

കോളേജിന്റെ പേര്: ജില്ല:

| സീ. നം. | പ്രവൃത്തിയുടെ പേര് | വർഷം | ഭരണാനുമതി ഉത്തരവ്, തീയതി | തുക | നിലവിലെ ഭൗതിക പുരോഗതി |
|---|---|---|---|---|---|
| | | | (Head of account) | | |

പ്രിൻസിപ്പാൾ/വാർഡൻ

0547493

GOVERNMENT OF KERALA

042792 BY FAX

മീറ്റിംഗ് അടിയന്തരം

042796

കേരള സർക്കാർ

നം.സി2/261/2017/ഉ.വി.വ.

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്,
തിരുവനന്തപുരം 21.11.2017

പ്രേഷിതൻ

ഗവണ്മെന്റ് സെക്രട്ടറി.

സ്വീകർത്താവ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം
പ്രിൻസിപ്പാൾ
ഗവ. ലോ കോളേജ്
തിരുവനന്തപുരം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്

സർ/ മാഡം,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ്-കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നത്- മീറ്റിംഗ് -സംബന്ധിച്ച്

സൂചന: ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിലെ 16.11.2017-ലെ 428/2017/പി.എസ്/എം. (ഇ.ഡി.എൻ) നമ്പർ കുറിപ്പ്

വിദ്യാഭ്യാസ വകുപ്പ് , പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 29.11.2017-ന് **രാവിലെ 10.00 മണിയ്ക്ക്** ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി ,ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ സെക്രട്ടേറിയേറ്റിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ ഒരു യോഗം വിളിച്ച് ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ താങ്കൾ നിർബന്ധമായി പങ്കെടുത്ത് താങ്കളുടെ വകുപ്പിനെ സംബന്ധിക്കുന്ന കാര്യങ്ങൾ അവതരിപ്പിക്കണമെന്ന് താത്പര്യപ്പെടുന്നു.

കൂടാതെ ,പ്രസ്തുത മീറ്റിംഗിലെ ആവശ്യത്തിലേക്കായി താങ്കളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട, ഇനിയും പൂർത്തികരിച്ചിട്ടില്ലാത്ത PWD പ്രവൃത്തികളുടെ ലിസ്റ്റ്,ഭരണാനുമതി സംബന്ധിച്ച വിവരം ,PWD-യിൽ നിക്ഷേപിച്ച തുക , തീയതി, ടി വർക്കുകളുടെ നിലവിലെ ഭൗതിക പുരോഗതി തുടങ്ങിയവ പട്ടിക രൂപത്തിലാക്കി മടക്കത്തപാലിൽത്തന്നെ ഈ വകുപ്പിൽ ലഭ്യമാക്കുവാനും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**ജിജി.സി.ഡോമിനിക്ക്**
അണ്ടർ സെക്രട്ടറി
ഗവ.സെക്രട്ടറിയ്ക്ക് വേണ്ടി

പകർപ്പ്: ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക,
ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്/ഉന്നത വിദ്യാഭാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി .എ യ്ക്ക്

അംഗീകാരത്തോടെ

Manoj M

സെക്ഷൻ ഓഫീസർ